**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **05-02-2026 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി ഫ്രഷ് കട്ട് പ്ലാന്റിനെതിരെയുള്ള സമരത്തിലെ പോലീസ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | താമരശ്ശേരി അമ്പായത്തോട് ഇറച്ചിപ്പാറയിൽ പ്രവർത്തിക്കുന്ന ഫ്രഷ് കട്ട് കോഴിയറവ് മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നുള്ള അതിരൂക്ഷമായ ദുർഗന്ധം കോടഞ്ചേരി, ഓമശ്ശേരി, താമരശ്ശേരി എന്നീ പഞ്ചായത്തുകളിലെ ജനജീവിതം ദുസ്സഹമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അറവ് മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും ദുർഗന്ധം വമിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസിന് ലഭിച്ച പരാതികളിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം നിയമാനുസരണം പ്രവർത്തിക്കുന്നതിന് സ്ഥാപനത്തിന് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്ലാന്റിന്റെ പ്രവർത്തനം മൂലം ദുരിതമനുഭവിക്കുന്നവരുടെ ജനകീയ സമരത്തിന് നേരെ പോലീസ് നടത്തിയ ബലപ്രയോഗത്തിലും, കണ്ണീർവാതക ഗ്രനേഡുകൾ പ്രയോഗിച്ചതിലും അനേകം പേർക്ക് പരിക്ക് പറ്റിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സമരവുമായി ബന്ധപ്പെട്ട് 8 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പരിക്ക് പറ്റിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | സമരത്തിനിടെ മാലിന്യവാഹനങ്ങൾ പ്ലാന്റിലേക്ക് പ്രവേശിപ്പിക്കാൻ പോലീസ് നടത്തിയ നീക്കമാണോ സംഘർഷത്തിന് കാരണമായതെന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവ് നിയമാനുസൃതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മാത്രമാണ് പോലീസ് സ്വീകരിച്ചത്. |
| (ഡി) | സംഭവത്തെത്തുടർന്ന് അർദ്ധരാത്രിയിൽ പോലീസ് പ്രദേശവാസികളുടെ വീടുകളിൽ റെയ്ഡ് നടത്തിയെന്നും നിരപരാധികളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചുവെന്നുമുള്ള പരാതികളിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | പ്രതികൾക്കായി പോലീസ് തിരച്ചിൽ നടത്തിയിട്ടുണ്ട്. നിരപരാധികളായ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഇ) | പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് എത്ര വ്യക്തികൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഏതെല്ലാം നിയമവകുപ്പുകൾ പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ഇ) | സമരവുമായി ബന്ധപ്പെട്ട് 37 പേരെയും, കൂടാതെ കണ്ടാലറിയാവുന്ന 200 ഓളം പേരെയും പ്രതികളാക്കി BNS, PDPP, Explosive Substance Act എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരം 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത കേസ്സുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ